20.08.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 07-11-95

# ബാപ്ദാദയുടെ വിശേഷ ഇഷ്ടവും ജ്ഞാനത്തിന്റെ അടിത്തറയും - പവിത്രത

ഇന്ന് സ്നേഹത്തിന്റെ സാഗരമായ ബാപ്ദാദ തന്റെ സ്നേഹത്തിന്റെ സ്വരൂപമായ കുട്ടികളെ കാണാൻ വന്നിരിക്കുകയാണ്. എല്ലാ കുട്ടികളുടെയും ഉള്ളിൽ ബാബയുടെ സ്നേഹം അടങ്ങിയിരിക്കുന്നു. എല്ലാ കുട്ടികളുടെയും ഉള്ളിൽ ബാബയുടെ സ്നേഹം അടങ്ങിയിരിക്കുന്നു. സ്നേഹം എല്ലാ കുട്ടികളെയും ദൂരെ നിന്ന് സമീപം കൊണ്ടുവരുന്നു. ഭക്തആത്മാവായിരുന്നപ്പോൾ ബാബയിൽ നിന്ന് എത്ര ദൂരെയായിരുന്നു. അതിനാലാണ് നാനാ ഭാഗത്തും അന്വേഷിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ ഇത്രയും സമീപമാണ്, ഓരോ കുട്ടിയും നിശ്ചയത്തോടെയും ഉടനെയും പറയുന്നു എന്റെ ബാബ എന്റെ കൂടെയാണ്. കൂടെയുണ്ടോ അതോ അന്വേഷിക്കേണ്ടിവരുന്നുണ്ടോ, ഇവിടെയുണ്ടോ അവിടെയുണ്ടോ? അപ്പോൾ എത്ര സമീപത്തായി! ആരെങ്കിലും പരമാത്മാവ് എവിടെയാണ് എന്നു ചോദിച്ചാൽ എന്തു പറയും? എൻരെ കൂടെയുണ്ട്. ഉറപ്പോടെ പറയും ഇപ്പോൾ ബാബയ്ക്കും എന്നെക്കൂടാതെ ഇരിക്കാനാവില്ല. അപ്പോൾ ഇത്രയും സമീപം കൂട്ടുകാരനായി. ഇപ്പോൾ ഒരു സെക്കന്റും ബാബയെക്കൂടാതെ ഇരിക്കാനാവില്ല. അപ്പോൾ ഇത്രയും സമീപം കൂട്ടായിക്കഴിഞ്ഞു. താങ്കൾക്കും ഒരു സെക്കന്റു പോലും ബാബയെക്കൂടാതെ ഇരിക്കാനാവില്ല. എന്നാൽ എപ്പോൾ മായ വരുന്നു അപ്പോൾ ആരാണ് കൂട്ട്. ആ സമയം അഥവാ ബാബ കൂടെയുണ്ടെങ്കിൽ മായയ്ക്ക് വരാനാകുമോ? എന്നാൽ ആഗ്രഹിക്കാതെ തന്നെ ഇടയ്ക്കിടെ കുട്ടികൾ ബാബയെ കൺകെട്ടുകളി കളിപ്പിക്കുന്നു. ബാപ്ദാദ കുട്ടികളുടെ ഈ കളിയും കണ്ടുകൊണ്ടിരിക്കുന്നു. കുട്ടികൾ ഒരു വശത്ത് പറഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ ബാബ, എന്റെ ബാബ മറുവശത്ത് വേറിടുകയും. അഥവാ ഇപ്പോൾ ഇങ്ങനെ വേറിടുകയാണെങ്കിൽ താങ്കളെ കാണാനാകില്ലല്ലോ. അപ്പോൾ താങ്കളും മായയോടൊപ്പം ഇങ്ങനെ കളി കളിക്കുന്നു. ബാബയെ കാണുന്നതിനുള്ള കണ്ണ് അടയുന്നു മായയെ കാണുന്നതിനുള്ള ദൃഷ്ടി തുറക്കുന്നു. അപ്പോൾ കൺകെട്ടുകളി ഇടയ്ക്കിടെ കളിക്കുന്നില്ലേ, ബാബ പിന്നെയും കുട്ടികളോട് ദയാമനസ്കരായി മായയെ ഏതെങ്കിലും മാർഗത്തിൽ അകറ്റുന്നു, അത് ബോധം കെടുത്തുന്നു ബാബ ബോധത്തിലേക്ക് കൊണ്ടുവരുന്നു- നിങ്ങൾ എന്റേതാണ്. അടഞ്ഞ കണ്ണ് ഓർമയുടെ ഇന്ദ്രജാലത്തിലൂടെ തുറപ്പിക്കുന്നു.

ബാപ്ദാദ ചോദിക്കുന്നു എല്ലാവരുടെ സ്നേഹവും എത്ര ശതമാനമാണ്? അപ്പോൾ എല്ലാവരും പറയുന്നു- 100 ശതമാനത്തിലും അധികമാണ്. കോടി മടങ്ങ് സ്നേഹമാണ്, ഇങ്ങനെ പറയുന്നില്ലേ. ശരി ആർക്കാണ് കോടി മടങ്ങിനെക്കാൾ കുറവ്, ലക്ഷമാണ്, ആയിരമാണ്, നൂറാണ്, അവർ കൈ ഉയർത്തൂ. (ആരും ഉയർത്തിയില്ല) നല്ലത്, എല്ലാവരും പക്കയാണ്. ബാപ്ദാദ പിന്നെ മറ്റൊരു ചോദ്യം ചോദിക്കും! പിന്നെ മാറരുത്, ശരി ഇത് വളരെ സന്തോഷവാർത്തയാണ് കേട്ടത് കോടിമടങ്ങ് സ്നേഹമുണ്ട് എന്ന്.

ഇപ്പോൾ ബാബ ചോദിക്കുന്നു സ്നേഹത്തിന്റെ തെളിവ് എന്താണ്?( സമാനമാകുക) അപ്പോൾ സമാനമായോ? (ഇല്ല) പിന്നെ കോടിമടങ്ങിനെക്കാൾ കുറവായി. താങ്കളേവരും പറയും ഇപ്പോൾ സമ്പൂർണമാകുന്നതിൽ അൽപം സമയം ശേഷിച്ചിരിക്കുന്നു അതുകൊണ്ട് ആയിക്കോളും, ഇങ്ങനെയാണോ? എന്നാൽ അഥവാ സ്നേഹമുള്ളവർ പറയുകയാണ് നിങ്ങൾ സ്നേഹത്താൽ അർപ്പണമാകൂ എങ്കിൽ സ്നേഹത്തിനു പിറകെ ജീവൻ കളയാൻ വരെ തയ്യാറാണ്. ബാപ്ദാദ ജീവൻ എടുക്കുന്നില്ല പക്ഷേ ജീവൻ കൊണ്ട് സേവനം ചെയ്യണം. എന്നാൽ ഒരു കാര്യത്തിൽ ബാപ്ദാദയ്ക്ക് അൽപനേരത്തേക്ക് ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു, ആശ്ചര്യപ്പെടേണ്ട- ഇത് താങ്കളോടും പറയുന്നു, എന്നാൽ ബാപ്ദാദയ്ക്ക് അൽപനേരത്തേക്ക് ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു, പാർട്ടഭിനയിക്കുന്നു. ജീവാർപ്പണം വിടൂ എന്നാൽ സ്നേഹത്തിന്റെ അടയാളമാണ് അടിയറവാകുക, എന്തു പറയുന്നുവോ അത് ചെയ്യുക. അപ്പോൾ ബാബ കേവലം ഒരു കാര്യത്തിൽ അടിയറവാകുന്നത് കാണാനാഗ്രഹിക്കുന്നു. അപ്പോൾ ബാബ കേവലം ഒരു കാര്യത്തിൽ അടിയറവാകുന്നത് കാണാനാഗ്രഹിക്കുന്നു. കാര്യങ്ങൾ അനേകമാണ്, എന്നാൽ ബാബ അനേകമൊന്നും എടുക്കുന്നില്ല വെറും ഒരു കാര്യത്തിൽ അടിയറവാകണം. അതിനായി കൈ ഉയർത്തുന്നു, പ്രതിജ്ഞയും ചെയ്യുന്നു എന്നാൽ പ്രതിജ്ഞയ്ക്കു ശേഷവും ചെയ്തുകൊണ്ടിരിക്കുന്നത് എന്താണ്? ഓരോരുത്തരും സ്വയം മനസിലാക്കുന്നു എനിക്ക് കൂടെക്കൂടെ ബാബയിൽ നിന്ന് അകലേണ്ടി വരുന്നതിന്റെ മൂല സംസ്കാരം അഥവാ മൂല ദുർബലത എന്താണ്? ഓരോരുത്തർക്കും തന്റെ മൂലദുർബലത അറിയാമല്ലോ? അപ്പോൾ ആ ദുർബലത അറിഞ്ഞിട്ടും അടിയറവു വെക്കാത്തത് എന്തുകൊണ്ട്? 63 ജന്മത്തെ കൂട്ടുകാരനാണ് അതുകൊണ്ട് അതിനോട് സ്നേഹമോ?

സ്നേഹത്തിൻരെ ലക്ഷണം തന്നെ സ്നേഹിക്ക് എന്താണോ ഇഷ്ടം അത് ഇഷ്ടപ്പെടുക എന്നതാണ്, അഥവാ സ്നേഹിക്കുന്നയാൾ ഒരു കാര്യം പറഞ്ഞാൽ അവർ മറ്റൊന്ന് പറയുക അപ്പോൾ എന്താകും?

സ്നേഹമാണോ അതോ വഴക്കാണോ ഉണ്ടാകുക? ആ സമയത്ത് സ്നേഹമെന്ന് പറയുമോ വടിയെടുത്ത് നന്നായി പരസ്പരം അടിയാകുമോ? അപ്പോൾ ബാബയ്ക്ക് എന്താണ് ഇഷ്ടം? ബാപ്ദാദ പറയുന്നു സമാനമാകുന്നതിൽ പല കാര്യങ്ങളുണ്ട്. ബ്രഹ്മാബാബയുടെ വിശേഷതകൾ നോക്കൂ ബ്രഹ്മാബാബയ്ക്കു സമാനം തന്നെ ആകണമെങ്കിൽ നോക്കൂ എത്ര വലിയ ലിസ്റ്റാണ്! അതിനും ബാപ്ദാദ പറയുന്നു സാരമില്ല. ഒന്നോ രണ്ടോ കാര്യം കുറവായാലും കുഴപ്പമില്ല. എന്നാൽ എന്താണോ മൂല അടിത്തറ– ബ്രഹ്മാബാബയുടെ അഥവാ ജ്ഞാനത്തിന്റെ ആധാരം– അതെന്താണ്? (പവിത്രത, അന്തർമുഖത, നിശ്ചയബുദ്ധി, സത്യത, ശുദ്ധത). വാസ്തവത്തിൽ അടിത്തറയാണ്– **പവിത്രത**. എന്നാൽ പവിത്രതയുടെ പരിഭാഷ വളരെ ഗഹനമാണ്. എവിടെ പവിത്രതയുണ്ടോ അവിടെ നിശ്ചയം, സത്യത, ശുദ്ധത ഇതെല്ലാം വരുന്നു. എന്നാൽ ബാപ്ദാദ കാണുകയാണ് പവിത്രതയുടെ ഗഹനഭാഷ, പവിത്രതയുടെ ഗഹനരഹസ്യം ഇപ്പോൾ ബുദ്ധിയിൽ പൂർണ സ്പഷ്ടമല്ല. വ്യർഥ സങ്കൽപം നടത്തുക, നടത്തിക്കുക, അവനവനുള്ളിലും നടക്കുന്നു, മറ്റുള്ളവരിൽ നടക്കാനും നിമിത്തമാകുന്നു. അപ്പോൾ വ്യർഥ സങ്കൽപം –എന്താ ഇത് പവിത്രതയാണോ? അപ്പോൾ പിന്നെ സങ്കൽപത്തിന്റെ പവിത്രതയുടെ രഹസ്യം എല്ലാവർക്കും പ്രായോഗികമായി കൊണ്ടുവരണമല്ലോ. അങ്ങനെ നോക്കിയാൽ അഞ്ചു വികാരങ്ങളും, കാമമാകട്ടെ, മോഹമാകട്ടെ, ഏറ്റവും നമ്പർവൺ ആണ് കാമം, അവസാനമാണ് മോഹം. എന്നാൽ ഏതൊരു വികാരം എപ്പോൾ വരുമ്പോഴും ആദ്യം സങ്കൽപത്തിലേക്ക് വരുന്നു. വ്യർഥ സങ്കൽപം ക്രോധത്തെയും ജനിപ്പിക്കുന്നു. കാമം അതായത് വ്യർഥ ദൃഷ്ടി ഏതെങ്കിലും ആത്മാവിനെ പ്രതി അഥവാ വ്യർഥ ദൃഷ്ടിയും പോകുന്നുവെങ്കിൽ ആ സമയം പവിത്രത എന്നു കണക്കാക്കാനാവില്ല. അപ്പോൾ ഈ വ്യർഥ സങ്കൽപം ബാബയുടെ സ്നേഹത്തിനു പിറകെ അടിയറവാകാൻ എന്തുകൊണ്ട് അനുവദിക്കുന്നില്ല? ചെയ്യാനാവുമോ? (ശരി) ശരി പറയാൻ വളരെ എളുപ്പമാണ്. എന്നാൽ ബാപ്ദാദയുടെ കയ്യിൽ എല്ലാവരുടെയും ചാർട്ട് ഉണ്ടല്ലോ. ഇപ്പോൾ വരേക്കും അഞ്ചു വികാരങ്ങളുടെയും വ്യർഥ സങ്കൽപം ഭൂരിപക്ഷത്തിനും നടക്കുന്നു. പിന്നീട് ഏതൊരു വികാരം തന്നെയാകട്ടെ. ഇത് എന്തുകൊണ്ടാണ്, ഇത് എന്താണ്, ഇങ്ങനെ നടക്കാൻ പാടില്ലായിരുന്നു, ഇങ്ങനെയാണ് വേണ്ടത്.... ഈ സാധാരണ കാര്യം ബാപ്ദാദ കേൾപ്പിക്കുന്നു ജ്ഞാനി ആത്മാക്കളിൽ അല്ലെങ്കിൽ തന്റെ ഗുണങ്ങളിൽ, തന്റെ വിശേഷതയുടെ അഭിമാനം വരുന്നു. അല്ലെങ്കിൽ എത്രത്തോളം മുന്നേറുന്നു, അത്രയും തന്റെ ഏതെങ്കിലും കാര്യത്തിൽ കുറവിനെ കണ്ട് – കുറവ് തന്റെ പുരുഷാർഥത്തിന്റെയല്ല, എന്നാൽ പേരിന്റെ , പ്രശസ്തിയുടെ , അംഗീകാരത്തിന്റെ, അന്വേഷണത്തിന്റെ, മുന്നിലേക്ക് വരുന്നതിന്റെ, സെന്റർ ഇൻ ചാർജ് ആകുന്നതിന്റെ, സേവനത്തിന്റെ, വിശേഷപ്പെട്ട പാർട്ട് നൽകുന്നതിന്റെ– ഈ കുറവ്, ഈ വ്യർഥ സങ്കൽപവും വിശേഷിച്ച് ജ്ഞാനിആത്മാക്കളിൽ വളരെ ദോഷം ചെയ്യുന്നു. ഇന്ന് ഇവ രണ്ടുമാണ് വിശേഷിച്ച് വ്യർഥ സങ്കൽപത്തിന് ആധാരം. താങ്കൾ സേവനത്തിന് പോകുമ്പോൾ ഒരു ദിവസത്തെ ദിനചര്യ കുറിച്ചിടണം, പരിശോധിക്കണം– ഒരു ദിവസത്തിൽ ഇവ രണ്ടിലും അഭിമാനമാകട്ടെ, അല്ലെങ്കിൽ അപമാനം– എനിക്ക് കുറവ് എന്തുകൊണ്ട്, എനിക്കും ഈ പദവി ഉണ്ടാകണം, എന്നെയും മുന്നിൽ വെക്കണം, അപ്പോൾ ഇത് അപമാനം വിചാരിക്കലല്ലേ. അപ്പോൾ ഈ രണ്ടു കാര്യങ്ങൾ അഭിമാനവും അപമാനവും– ഇന്നത്തെക്കാലത്ത് വ്യർഥസങ്കൽപത്തിന് കാരണമാകുന്നു. ഈ രണ്ടിനെയും അഥവാ അടിയറവാക്കിയാൽ ബാപ്സമാനാകുക പ്രയാസ കാര്യമല്ല. അപ്പോൾ എന്തേ അർപ്പണം ചെയ്യാനുള്ള ശക്തിയുണ്ടോ? ശരി, എത്ര സമയത്തിൽ? ഇപ്പോൾ ഇത് നവംബർ അല്ലേ, പുതിയ വർഷം വരാൻ രണ്ടു മാസമാകുമല്ലോ! പുതിയ വർഷത്തിൽ പുതിയ കണക്ക് വെക്കാറുണ്ട്, അപ്പോൾ ഓരോരുത്തരും ടീച്ചറാകട്ടെ, വിദ്യാർഥിയാകട്ടെ, മഹാരഥിയാകട്ടെ, കാലാളാകട്ടെ. ഇങ്ങനെയല്ല ഇത് മഹാരഥിമാർക്കാണ്, ഞങ്ങൾ ചെറിയവരല്ലേ! രാജ്യഭാഗ്യമെടുക്കുന്നതിന്റെ സമയത്ത് ആരും പറയില്ല ഞാൻ ചെറുതാണ്, ആ സമയം പറയും സെക്കന്റിൽ എന്നെ നാരായണനാക്കൂ. അപ്പോൾ ഓരോരുത്തർക്കും വെറും രണ്ടു വാക്ക് സ്വന്തം വാർത്ത നൽകണം, ആ പോസ്റ്റിനു മുകളിൽ ഇങ്ങനെ എഴുതണം– അവസ്ഥയുടെ കണക്ക്. അപ്പോൾ ആ പോസ്റ്റ് വേറിട്ടതാകും. ഉള്ളിൽ എഴുതണം വ്യർഥ സങ്കൽപം എത്ര ശതമാനം ഏതു ശതമാനത്തിൽ അർപ്പിച്ചിട്ടുണ്ട്? 50 ശതമാനമോ 100 ശതമാനം അർപ്പിച്ചുവോ? ഒരു വരി മാത്രം എഴുതണം– നീട്ടിവലിച്ച് എഴുതേണ്ട. അപ്പോൾ തയ്യാറാണോ? ഉറക്കെ പറയൂ –ശരി? ആരാണോ മനസിലാക്കുന്നത് –ഇതിന് ധൈര്യം വേണം, സമയവും വേണം, അപ്പോൾ ഇപ്പോഴേ കൈ ഉയർത്തൂ എങ്കിൽ താങ്കൾക്ക് ആദ്യമേ അനുവാദം. എന്തെങ്കിലുമുണ്ടോ അതോ അവസാനം എഴുതുമോ പുരുഷാർഥം ചെയ്തു പക്ഷേ നടന്നില്ല. ഇങ്ങനെ എഴുതില്ലല്ലോ? പക്കയാണോ? ശരി.

ബാപ്ദാദ കണ്ടു സ്നേഹം മധുബൻ വരേക്കും എത്തിക്കുന്നു. എന്നാൽ ഇതേ സ്നേഹത്തിൽ എവിടേക്ക് എത്തണം? ബാപ്സമാനമാകണ്ടേ! അപ്പോൾ മധുബനിൽ ഓടിയോടി വരുമ്പോലെ –എന്റെ പേര് കൊടുക്കൂ എന്റെ പേര് കൊടുക്കൂ. എഴുതിയില്ലെങ്കിലോ ടീച്ചറുടെ നേരെ പിന്നെ നോക്കുകയേയില്ല. അപ്പോൾ മധുബനോടു സ്നേഹത്തിൽ ഓടുന്ന പോലെ, വരുന്ന പോലെ ഇങ്ങനെ തന്നെ പുരുഷാർഥം ചെയ്യൂ എന്റെ പേര് ബാപ്സമാനമാകുന്നതിൽ ആദ്യം വേണം. അപ്പോൾ ഈ പവിത്രതയുടെ അടിത്തറ

യിൽ പക്കയാക്കൂ. ബ്രഹ്മാബാബ പവിത്രതയുടെ കാരണത്താൽ, ഒരു നവീനതയുടെ കാരണത്താൽ നിന്ദകളും അനുഭവിച്ചു. അപ്പോൾ പവിത്രത അടിത്തറയാണ്. അപ്പോൾ അടിത്തറയുടെ ബ്രഹ്മചര്യവ്രതം ധാരണ ചെയ്യുക – ഇതൊരു സാധാരണ കാര്യമാണ്. എന്നാൽ ഇപ്പോൾ മുന്നേറുമ്പോൾ കുട്ടിക്കാലത്തിൻരെ സ്റ്റേജല്ല. ഇപ്പോൾ വാനപ്രസ്ഥസ്ഥിതിയിൽ പോകണം. ഞാൻ ബ്രഹ്മചാരിയായി കഴിയുന്നുണ്ട്, പവിത്രതയൊക്കെയുണ്ട്, കേവലം ഇതിൽ സന്തോഷിക്കരുത്. ഇപ്പോൾ ദൃഷ്ടി, മനോവൃത്തിയിൽ പവിത്രത –ഇതിൽ ഇനിയും അടിവരയിടൂ. എന്നാൽ മൂല അടിത്തറയാണ്– തന്റെ സങ്കൽപങ്ങളെ ശുദ്ധമാക്കൂ, ജ്ഞാനസ്വരൂപമാക്കൂ. സങ്കൽപത്തിൽ ദുർബലത ഒരുപാടുണ്ട്. എന്തു ചെയ്യാൻ, ചെയ്യാൻ പറ്റുന്നില്ല, അറിയില്ല എന്താണുണ്ടായതെന്ന്... എന്താ ഇത് പവിത്രതയുടെ ശക്തിയാണോ? പവിത്രആത്മാവ് പറയുമോ– എന്തു ചെയ്യാൻ, സംഭവിച്ചുപോയി, സംഭവിച്ചുപോകുന്നു, ആഗ്രഹിച്ചിട്ടല്ലെങ്കിലും...? ഇത് ഏതൊരു ആത്മാവാണ്? പവിത്രആത്മാവാണോ പറയുന്നത് ദുർബലആത്മാവാണോ പറയുന്നത്? ത്രികാലദർശിആത്മാക്കളാണല്ലോ. എന്താ, എന്തുകൊണ്ടാ എന്നു പറയുമ്പോൾ ഇവരെ ജിജ്ഞാസുക്കളുടെ അടുക്കൽ കൊണ്ടുപോകൂ, അവരുടെ ചിത്രത്തിൽ മനസിലാക്കിക്കൊടുക്കുന്നു 84 ജന്മത്തെ നാം അറിയുന്നു. മനസിലാക്കിക്കൊടുക്കുന്നു 84 ജന്മം, ചെയ്യുന്നതോ ഇപ്പോൾ എന്താ , എന്തുകൊണ്ടാ? അറിയാമെങ്കിൽ അരിയുന്നയാൾ എന്താ, എന്തുകൊണ്ടാ എന്നു പറയുമോ? അവർക്കറിയാം ഇത് ഇതുകൊണ്ടാണ് സംഭവിക്കുന്നത്. എന്ത് എന്നതിനുത്തരം സ്വയം ബുദ്ധിയിലേക്ക് വരും– മായയുടെ പ്രഭാവത്തിന് പരവശപ്പെട്ടിരിക്കുന്നു എന്ന്. മഹാരഥിയാകട്ടെ കാലാളാകട്ടെ. മഹാരഥിയിൽ നിന്നു പോലും തെറ്റു സംഭവിക്കുന്നു എങ്കിൽ ആ സമയത്ത് അവർ മഹാരഥിയല്ല പരവശമാണ്. അപ്പോൾ പരവശത്തായവർ എവിടെയെങ്കിലും അലകളിൽ അലയടിക്കപ്പെടുന്നു എന്നാൽ താങ്കൾ ആ രൂപത്തിൽ കാണുന്നു –ഇത് മഹാരഥിയായിക്കൊണ്ട് ചെയ്യുകയാണ്! ആ സമയത്ത് മഹാരഥിയല്ല പരവശമാണ്. മനസിലായോ, പുതിയ വർഷത്തിൽ എന്തു ചെയ്യണം? വ്യർഥത്തിന്റെ സമാപ്തിയുടെ പുതിയ കണക്ക്. ശരിയാണോ, പക്കയാണോ? അതോ എന്തെങ്കിലും എന്തെങ്കിലും കാരണം പറയുമോ. അഥവാ കാരണമുണ്ടെങ്കിൽ എന്തെങ്കിലും പുതിയ പ്ലാൻ പറയാം. ഇപ്പോൾ പറയില്ല. ഇപ്പോൾ പറയുകയാണെങ്കിൽ താങ്കൾ പുതിയ എന്തെങ്കിലും കാരണം പുറത്തിറക്കും. കാരണമല്ല, നിവാരണം. സമസ്യാസ്വരൂപമല്ല, സമാധാനസ്വരൂപം.

ഇപ്പോൾ പ്രകൃതിയും ക്ഷീണിച്ചിരിക്കുന്നു. പ്രകൃതിയുടെയും ശക്തി മുഴുവൻ തീർന്നിരിക്കുന്നു. അപ്പോൾ പ്രകൃതിയും താങ്കൾ പ്രകൃതീപതി ആത്മാക്കളോട് അഭ്യർഥിക്കുകയാണ് ഇനി വേഗം ചെയ്യൂ. ഇനി വൈകിക്കാതിരിക്കൂ. ശരി!

ബാപ്ദാദയ്ക്കും ശരീരത്തെ നടത്തിക്കേണ്ടിയിരിക്കുന്നു. നടന്നാലും നടന്നില്ലെങ്കിലും നടത്തിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ബാബയ്ക്ക് കുട്ടികളോട് സ്നേഹമാണ്. അപ്പോൾ ഇത്ര സ്നേഹമുള്ള ആത്മാക്കൾ വരികയും ബാബ ആത്മീയസംഭാഷണം നടത്താതിരിക്കുകയും എങ്ങനെ സംഭവിക്കും! അപ്പോൾ നിർബന്ധിതമായി നടത്തിക്കേണ്ടിയിരിക്കുന്നു. ശരി എല്ലാവരും സന്തുഷ്ടരാണോ? ബാബയെ ലഭിച്ചു, സന്തുഷ്ടരല്ലേ?

നാനാഭാഗത്തുമുള്ള കോടിമടങ്ങ് പ്രേമസ്വരൂപആത്മാക്കൾക്ക്, സദാ സ്വയത്തെ നിർവികൽപമാക്കുന്ന വിശേഷആത്മാക്കൾക്ക്, സദാ ബാബയുടെയും നിർവിഘ്നസേവനത്തിൻരെയും ലഹരിയിൽ മുഴുകിയിരിക്കുന്ന ആത്മാക്കൾക്ക് , സദാ ബാബയുടെ സ്നേഹത്തിൽ അടിയറവാകുന്ന എല്ലാ ആത്മാക്കൾക്കും ബാപ്ദാദയുടെ സ്നേഹസ്മരണ നമസ്തേ.

ശരി! എല്ലാവരും സന്തുഷ്ടർ! ആരും നീരസത്തിലല്ലല്ലോ– ഞാൻ മിലനം നടത്തിയില്ല? രഹസ്യത്തെ അറിയുന്നവർ ഒരിക്കലും നീരസത്തിലാവുകയില്ല.

ദാദിമാരോട്: നോക്കൂ താങ്കൾ ആദിരത്നങ്ങളിൽ എല്ലാവർക്കും സ്നേഹത്തിനൊപ്പമൊപ്പം ശുദ്ധമോഹവും വർധിച്ചുവരുന്നു. എല്ലാവരും കണ്ടുകൊണ്ടിരിക്കുന്നു ആദിരത്നങ്ങൾ ശരിയെങ്കിൽ എല്ലാം ശരി. അപ്പോൾ താങ്കളിൽ എല്ലാവരുടെയും ശുദ്ധമോഹം വർധിച്ചിരിക്കുന്നു. ബാപ്ദാദ ഈ രണ്ടു(ചന്ദ്രമണി ദാദി, രത്നമോഹിനി ദാദി) പേരിലും സന്തുഷ്ടരാണ്. ജ്ഞാനസരോവരത്തിന്റെ ഉത്തരവാദിത്തം നോക്കി. ഉത്തരവാദിത്തം എന്നാൽ എന്താണ്, കളിയാണ്. കളി ഭാരരഹിതരാക്കുമല്ലോ? അപ്പോൾ ബാപ്ദാദ സന്തുഷ്ടനാണ് സമയത്ത് സഹയോഗിയായി, ആദി മുതലേ സഹയോഗിയായിരിക്കുന്നു. ആദി മുതലേ ശരി എന്നു പറയുന്നവർ– ഇതാണ് സാകാര ബാബയുടെ താങ്കളേവർക്കുമുള്ള വിശേഷ വരദാനം. ബ്രഹ്മാബാബയ്ക്ക് ഇല്ല എന്ന വാക്ക് ഒരിക്കലും നല്ലതായി തോന്നുന്നില്ല. ഇത് അറിയാവുന്നതാണ്, അനുഭവികളാണ്.

ഈശു ദാദിയോട്: ഇവർ ആദി മുതൽ ഇതു വരെ വളരെ നല്ല പാർട്ടഭിനയിച്ചു. താങ്കളുടെ (ദാദിയുടെ) വിശേഷ സഹയോഗിയുമാണ്. ഏതൊരു കാര്യത്തിലും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുന്നതിൽ വളരെ നല്ലതാണ് എന്തെന്നാൽ ഗംഭീരതയോടെ കഴിയുന്നു. ഈ ഗംഭീരതയുടെ ഗുണം വളരെ മുന്നിലെത്തിക്കുന്നു. ഏതൊരു കാര്യം പറഞ്ഞാലും മനസിലാക്കൂ നല്ലത് ചെയ്തു , പറഞ്ഞു എങ്കിൽ

പകുതി അവസാനിച്ചു, പകുതി ഫലം കഴിഞ്ഞു, പകുതി ശേഖരണമായി. ആരാണോ ഗംഭീരമായിരിക്കുന്നത് അവർക്ക് മുഴുവൻ ശേഖരണമാകുന്നു. പറയാറുണ്ടല്ലോ നോക്കൂ ജഗദംബ ഗംഭീരമായിരുന്നു, സേവനം സ്ഥൂലരൂപത്തിൽ താങ്കളെക്കാളും കുറവാണ് ചെയ്തതെങ്കിലും, താങ്കൾ കൂടുതൽ ചെയ്യുന്നു എന്നാൽ ഈ ഗംഭീരതയുടെ ഗുണത്താൽ മുഴുവൻ ശേഖരണമുണ്ടാക്കി. മുറിഞ്ഞു പോയില്ല. പലരും ഒരുപാട് ചെയ്യുന്നു, എന്നാൽ പകുതി മുക്കാൽ മുറിഞ്ഞുപോകുന്നു. ചെയ്യുനനു എന്തെങ്കിലും കാര്യം വരുമ്പോൾ മുഴുവൻ മുറിഞ്ഞുപോകുന്നു അല്ലെങ്കിൽ അൽപം കാര്യമെങ്കിലും ഉണ്ടായാൽ കാൽഭാഗം അവസാനിച്ചു. ഇങ്ങനെ തന്നെ തന്റെ വർണന ചെയ്തു എങ്കിൽ പകുതി മുറിയുന്നു. ബാക്കി കിട്ടിയോ? എപ്പോഴാണോ ജഗദംബയുടെ വിശേഷത-ശേഖരണത്തിന്റെ കണക്ക് കൂടുതൽ. ഗംഭീരതയുടെ ദേവിയാണ്. ഇങ്ങനെ മറ്റെല്ലാവർക്കും ഗംഭീരമാകണം. മധുബനിൽ കഴിയുകയാണെങ്കിലും, സേവാകേന്ദ്രത്തിൽ കഴിയുകയാണെങ്കിലും ബാപ്ദാദ എല്ലാവരോടും പറയുന്നു ഗംഭീരതയോടെ തന്റെ മാർക്ക് ശേഖരിക്കൂ, വർണിക്കുന്നതിലൂടെ തീർന്നുപോകുന്നു. നല്ലതായി വർണിക്കുകയാണെങ്കിലും മോശമായിട്ടാണെങ്കിലും. നല്ലത്, തന്റെ അഭിമാനവും മോശം ആരുടെയെങ്കിലും അപമാനവും ചെയ്യിക്കുന്നു. അപ്പോൾ ഓരോരുത്തരും ഗംഭീരതയുടെ ദേവിയും ഗംഭീരതയുടെ ദേവതയുമായി കാണപ്പെടുന്നു. ഇപ്പോൾ ഗംഭീരതയുടെ വളരെ വളരെ ആവശ്യകതയുണ്ട്. ഇപ്പോൾ സംസാരിക്കുന്നതിന്റെ ശീലം വളരെയായിരിക്കുന്നു എന്തെന്നാൽ ഭാഷണം ചെയ്യുന്നില്ലേ അപ്പോൾ ആരു വന്നാലും അവർ സംസാരിക്കുന്നു. എന്നാൽ പ്രഭാവം ഘംഭീരതയുടെ അത്രയും ശബ്ദത്തിന് ഉണ്ടാകുന്നില്ല. ശരി

## വരദാനം: ആത്മീയറോസാപുഷ്പമായി നാനാഭാഗത്തും ആത്മീയതയുടെ സുഗന്ധം പരത്തുന്ന ആകർഷണമൂർത്തിയായി ഭവിക്കട്ടെ

സദാ സ്മൃതിയുണ്ടായിരിക്കണം ഞാൻ ഭഗവാന്റെ പൂന്തോട്ടത്തിലെ ആത്മീയ റോസാപുഷ്പമാണ്. ആത്മീയറോസാപുഷ്പം അർഥം ഒരിക്കലും ആത്മീയതയിൽ നിന്ന് ദൂരെ പോകുന്നവരല്ല. പുഷ്പത്തിൽ സുഗന്ധം അടങ്ങിയിരിക്കുന്ന പോലെ താങ്കളെല്ലാവരിലും ഇങ്ങനെ ആത്മീയതയുടെ സുഗന്ധം അടങ്ങിയിട്ടുണ്ടാകതനിയേ നാനാ ഭാഗത്തും പടരണം എല്ലാവരെയും തന്റെ നേർക്ക് ആകർഷിക്കണം. ഇപ്പോൾ താങ്കൾ ഇങ്ങനെ സുഗന്ധദായിയും ആകർഷണമൂർത്തിയുമാകുകയാണെങ്കിൽ താങ്കളുടെ ഓർമ ചിഹ്നമായ ക്ഷേത്രത്തിലും ചന്ദനത്തിരിയിലൂടെയും മറ്റും സുഗന്ധമുണ്ടായിക്കൊണ്ടിരിക്കും.

## സ്ലോഗൻ: പരോപകാരി അവരാണ് ആരാണോ സ്വപരിവർത്തനത്തിലൂടെ വിശ്വപരിവർത്തനം ചെയ്യുന്നവർ

സൂചന: ഇന്ന് മാസത്തിലെ മൂന്നാം ഞായറാഴ്ചയാണ്, വൈകിട്ട് 6.30 മുതൽ 7.30 വരെ വിശേഷ യോഗ അഭ്യാസത്തിൽ അനുഭവം ചെയ്യണം- ബാപ്ദാദയുടെ മസ്തകത്തിൽ നിന്നും ശക്തിശാലി കിരണങ്ങൾ പുറപ്പെട്ട് എൻരെ ഭൃഗുഡിയിലേക്ക് വരുന്നു അതേ കിരണങ്ങൾ എന്നിലൂടെ നിജസംസ്കാരത്തിന്റെ പരിവർത്തനം ചെയ്തുകൊണ്ട് ലോകപരിവർത്തനത്തിന്റെ കാര്യം ചെയ്തുകൊണ്ടിരിക്കുന്നു.